CALICUT LandMark BUILDERS

OWN YOUR OWN LANDMARK



# LANDMARK ENTERTAINMENT CITY

www.landmarkentertainmentcity.com

# ലാൻഡ്മാർകിൻെറ സ്വപ്നംയാഥാർഥ്യത്തിലേക്



വിനോദമേഖലയിൽ വൻ നിക്ഷേപങ്ങളും നിരവധി സാധ്യതകളും തുറന്നിടുന്ന എൻറർടെയ്ൻമെൻറ്സിറ്റി ലാൻഡ്മാർകിലൂടെ പിറവിയെടുക്കുകയാണ്. എൻറടെയ്ൻമെൻറ് സിറ്റിയുടെ വരവോടുകൂടി കേരളത്തിൻെറ വികസനരംഗം ഇനി ലാൻഡ്മാർകിലൂടെകൂടിയാകും പോവുക. തിരക്കുപിടിച്ച ജീവിതത്തിൽനിന്ന് ഒരൽപം മാറി വിനോദവേളകളിൽ മുഴുകാൻ ആഗ്രഹിക്കുവർക്കായി ഒരുങ്ങുന്ന വിസ്മയലോകമാകും ഇത്. കോഴിക്കോട് വയനാട് ദേശീയപാതയിൽ അടിവാരത്ത് പ്രകൃതിരമണീയമായ താഴ്വരയിലെ 35 ഏക്കറിൽ ലാൻഡ്മാർക് നിങ്ങളുടെ ഒഴിവുദിവസത്തെ ഷെഡ്യൂളിലേക്ക് ഇനി ലാൻഡ്മാർക് എൻറർടെയ്ൻമെൻറ് സിറ്റിയുടെ പേരുകൂടി ചേർത്തുവെക്കും. ലോകനിലവാരമുള്ള പാർപ്പിട സൗകര്യങ്ങൾ ഒരുക്കി ശ്രദ്ധനേടിയ ലാൻഡ്മാർക് ബിൽഡേഴ്സ് ഹോസ്പിറ്റാലിറ്റി, ടൂറിസം, എൻറർടൈയൻമെൻറ് മേഖലയിൽ വിപ്ലവത്തിനൊരുങ്ങുമ്പോൾ തയാറാകുന്നത് കേരളത്തിലെതന്നെ ഏറ്റവുംവലിയ വിനോദകേന്ദ്രമാണ്. മലയാളികളുടെ യശസ്സുയർത്തുന്ന പദ്ധതിയിൽ സന്ദർശകരെ കാത്തിരിക്കുന്നത് വിസ്മയങ്ങൾ ഏറെയാണ്.

## ഷോപ്പർടെയ്ൻമെൻറ് മാൾ



എൻറർടെയ്ൻമെൻറ് സിറ്റിയിൽ സന്ദർശകരെ ഏറെ ആകർഷിക്കുന്നത് ഷോപ്പർടെയ്ൻമെൻറ് മാളാകും. ലോകോത്തര ബ്രാൻഡുകളുടെ ഷോപ്പുകൾ സന്ദർശകർക്ക് മികച്ച ഷോപ്പിങ് അനുഭവവും സമ്മാനിക്കും. ഫുഡ്കോർട്ടുകളും ഗെയിം സോണുകളും ഷോപ്പർടെയ്ൻമെൻറ് മാളിൻെറ ഭാഗമാവും. കുട്ടികൾക്ക് പഠിക്കാനും കളിക്കാനും ഉല്ലസിക്കാനുമുള്ള എല്ലാ സംവിധാനങ്ങളും ഇവിടെ തയാറാകുന്നു. എജുടെയ്ൻമെൻറ് എന്ന ആശയംകൂടി മാളിൽ ഉൾപെടുത്തിയിരിക്കുന്നു. അമ്യൂസ്മെൻറ് പാർക്കും ഗെയിം സോണുകളും മാളിൻെറ ഭാഗമാകും.

## അമ്യൂസ്മെൻറ് വാട്ടർ തീം പാർക്ക്



ഷോപ്പർടെയ്ൻമെൻറ് മാളിൻെറ ഭാഗമായാണ് അമ്യൂസ്മെൻറ് വാട്ടർ തീം പാർക്കുകൾ ഒരുങ്ങുന്നത്. അത്യാധുനിക സംവിധാനങ്ങളോടുകൂടിയ നിരവധി റൈഡുകൾ ഉൾപ്പെടുന്ന കേരളത്തിലെ ഏറ്റവും വലിയ വാട്ടർ തീം പാർക്കുകളിലൊന്നാകും ഇത്. അമ്യൂസ്മെൻറ് റൈഡുകളും അഡ്വഞ്ചർ പാർക്കുകളും ഗെയിം സോണുകളും വാട്ടർ റൈഡുകളുമെല്ലാം സന്ദർശകരെ ഉല്ലാസത്തിൽ ആറാടിക്കും. ഇൻഡോറായും ഔട്ട് ഡോറായും പാർക്കുകൾ ക്രമീകരിക്കപ്പെടും. കുട്ടികൾക്കും മുതിർന്നവർക്കും ഒരുപോലെ ആസ്വദിക്കാവുന്ന അനുഭവങ്ങളാവും ഇവിടെയൊരുങ്ങുക.



## കൾച്ചറൽ വില്ലജ്

എൻറർടെയ്ൻമെൻറ് സിറ്റിയിലൊരുങ്ങുന്ന കൾചറൽ വില്ലേജ് ഇന്ത്യയുടെ സമ്പന്നമായ സംസ്കാരം ആളുകളിലേക്ക് എത്തിക്കും. ഇന്ത്യയുടെ തനത് ഭക്ഷണം, വസ്ത്രങ്ങൾ, ആചാരങ്ങൾ, കരകൗശലവസ്തുക്കൾ തുടങ്ങിയവയെല്ലാം പരിചയപ്പെടാൻ ഇവിടെ അവസരമാകും. അക്വേറിയം, സയൻസ് പാർക്ക് തുടങ്ങിയവയും കൾചറൽ വില്ലേജിൻെറ ഭാഗവും. താജ്മഹലും ഇന്ത്യ ഗേറ്റുമെല്ലാം ഇന്ത്യൻ കൾച്ചറൽ വില്ലേജിൽ പുനസൃഷ്ടിക്കപ്പെടും.



# യൂറോപ്യൻ അറബ് സ്ട്രീറ്റുകൾ



യൂറോപിലെ ഒരു പൈതൃക തെരുവിനെ പുനസൃഷ്ടിക്കുകയാവും ഇവിടെ. യൂറോപ്യൻ ആർകിടെക്ചറൽ വർക്കുകൾ, സംസ്കാരം, സൗകര്യങ്ങൾ, എക്സ്ക്ലൂസീവ് റെസ്റ്ററൻറ്, കഫെ തുടങ്ങിയവയെല്ലാം സന്ദർശകർക്ക് യൂറോപ്പിലെ അനുഭവം പരിചയപ്പെടുത്തും. അറേബ്യൻ സ്ംസ്കാരത്തിനുതന്നെയാണ് അറേബ്യൻ സ്ട്രീറ്റിൽ ഫോകസ് കൊടുത്തിരിക്കുന്നത്. അറേബ്യൻ വിഭവങ്ങളും അറേബ്യൻ ഉൽപ്പന്നങ്ങളുമെല്ലാം അറബ് നാടുകളിലെപ്പോലെത്തന്നെ ഈ തെരുവുകളിലും സന്ദൾശകർക്കായി ഒരുങ്ങും.

# സ്പൈസസ് വില്ലേജ്



വയനാടിൻെറ തനതായ സുഗന്ധ വ്യഞ്ജനങ്ങൾ സ്പൈസസ് വില്ലേജിലൂടെ സന്ദർശകർക്കുമുന്നിലെത്തും. വയനാടിൻെറ തനതായ കരകൗശല വസ്തുക്കളും ഇവിടെ പ്രദർശിപ്പിക്കും. വയനാടിൻെറയും അവിടുത്തെ ജനങ്ങളുടെയും ഉന്നമനംകൂടി ലക്ഷ്യംവെച്ചുള്ള പദ്ധതി കൂടിയാണിത്.

# സ്പോർട്സ് വില്ലേജ്



ക്ലബ് റിസോർട്ടുകളും സ്പോർട്സ് വില്ലേജും എൻറർടെയ്ൻമെൻറ് സിറ്റിയുടെ മാറ്റുകൂട്ടും. സന്ദർശകൾക്ക് താമസിക്കാനും ഒത്തുചേരാനും അനുയോജ്യമായ രീതിയിൽ കേരള വാസ്തുകലയിലൂന്നിയാണ് ഇവ തയാറാകുന്നത്. ക്ലബ് റിസോർട്ട് കോട്ടേജുകൾ, കൺവെൻഷൻ സെൻറർ, ഹെൽത്ത് ക്ലബ്, സ്വിമ്മിങ് പൂളുകൾ, റസ്റ്റോറൻറുകൾ, ഫുട്ബാൾ, ബാഡ്മിൻറൺ, ബാസ്കറ്റ് ബോൾ കോർട്ടുകൾ, ആയുർവേദിക് സ്പാ, ക്രിക്കറ്റ് പിച്ച്, ഫാമിലി പാർക്ക്, ജോഗിങ് പാർക്ക് തുടങ്ങിയ നിരവധി സംവിധാനങ്ങൾ ഇവിടെ ഒരുങ്ങുന്നു.

# വിശാലമായ പാർക്കിങ് സ്പേസ്



3000 കാറുകൾക്കും 80ഓളം ബസുകൾക്കും ഉള്ള പാർക്കിങ് സ്പേസും എൻറർടെയ്ൻമെൻറ് സിറ്റിയിൽ ലഭ്യമാകും. 5 ഏക്കറോളം സ്ഥലം പാർക്കിങ്ങിനു മാത്രമായി മാറ്റിവെച്ചിരിക്കുന്നു. 20 മീറ്ററുള്ള ഇൻേറണൽ റോഡുകളാണ് തയാറാകുന്നത്.

# സാൻേറഴ്സെൻെറ കൈയൊപ്പ്



എൻറർടെയ്ൻമെൻറ് മേഖലയിലെ ലോകത്തിലെതന്നെ ഏറ്റവുംവലിയ ഗ്രൂപ്പുകളിലൊന്നായ സിംഗപ്പൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന സാൻേറഴ്സൺ ഗ്രൂപ്പുമായാണ് ലാൻഡ്മാർക് എൻറർടെയ്ൻമെൻറ് സിറ്റി അസോസിയേറ്റ് ചെയ്യുന്നത്. ആർകിടെക്ചറൽ മാസ്റ്റർ പ്ലാനിങ് ആൻഡ് കൺസ്ട്രക്ഷൻ മാനേജ്മെൻറ് സാൻേറഴ്സൺ ഗ്രൂപ്പിൻെറ മേൽനോട്ടത്തിലാണ്. ദുബൈ ഗ്ലോബൽ വില്ലേജ്, ദുബൈ ബോളിവുഡ് പാർക്, യൂണിവേഴ്സൽ സ്റ്റുഡിയോസ് സിംഗപ്പൂർ തുടങ്ങിവയെല്ലാം സാൻേറഴ്സൺ ഗ്രൂപ്പിൻെറ മേൽനോട്ടത്തിൽ പിറന്നവയാണ്.

# ഉറപ്പുള്ള നിക്ഷേപം




നിക്ഷേപരംഗത്ത് വൻ സാധ്യതകൂടി തുറക്കുകയാണ് ലാൻഡ്മാർക് എൻറർടെയ്ൻമെൻറ് സിറ്റി. നിക്ഷേപകർകൂടി പങ്കാളികളായിട്ടാണ് ഈ പദ്ധതിയിലെ ഓരോ പ്രവർത്തനങ്ങളും നടക്കുന്നത്. ഓഹരി നിക്ഷേപിച്ച് 9 വർഷത്തിനകംതന്നെ സാധാരണഗതിയിൽ മുതൽമുടക്കിൻെറ 329 ശതമാനം നിക്ഷേപകർക്ക് ലഭ്യമാകും. ഓഹരി നിക്ഷേപകർക്ക് എൻറർടെയ്മെൻറ് സിറ്റിയിൽ നിക്ഷേപിച്ച തുകക്കനുസരിച്ച് നിശ്ചിത സമയത്തിനുള്ളിൽതന്നെ വാടക വരുമാനം ഉറപ്പാക്കും. ആജീവനാന്ത വാടക വരുമാനമാണ് ലാൻഡ്മാർക് ഉറപ്പുനൽകുന്നത്. നിക്ഷേപത്തിലൂടെ ഉറപ്പാക്കപ്പെടുന്നത് ഒരു കുടുംബത്തിൻെറ സന്തോഷകരവും സുരക്ഷിതവുമായ ഭാവികൂടിയാണ്. കൃത്യമായ മൂല്യവർധനയും ഉറപ്പുവരുത്തുന്നു.

# ലാൻഡ്മാർകും സാൻേറഴ്സണും ദുബായിൽ

എൻറർടെയ്ൻമെൻറ് സിറ്റി പ്രോജക്ടുമായി ബന്ധപ്പെട്ട് സാൻേറഴ്സൺ ഗ്രൂപ്പുമായി ലാൻഡ്മാർക് ബിൽഡേഴ്സ് അവസാനവട്ട കൂടിക്കാഴ്ച നടത്തി. ദുബായിൽവെച്ചാണ് കൂടിക്കാഴ്ച നടന്നത്. സാൻേറഴ്സെൻറ നേതൃത്വത്തിൽ ദുബായിൽ നിർമിച്ചിട്ടുള്ള വിവിധ പദ്ധതികൾ ലാൻഡ്മാർക് ടീം സന്ദർശിച്ചു. ലോകപ്രശസ്തമായ നിരവധി സംരംഭങ്ങളാണ് ദുബായിൽ സാൻേറഴ്സൺ ഒരുക്കിയിട്ടുള്ളത്. ദുബൈ ഗ്ലോബൽ വില്ലേജ്, ദുബൈ ബോളിവുഡ് പാർക്, കൊളംബിയ പിക്ചേഴ്സ് മോഷൻഗേറ്റ് ദുബൈ, ദുബൈ ലഗോലാൻഡ്, വാർണർ ബ്രോസ് അബുദാബി എന്നിവയുടെയെല്ലാം പിന്നിൽ സിംഗപ്പൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന സാൻേറഴ്സൺ ആണ്. വൈകാതെതന്നെ ലാൻഡ്മാർക് എൻററൈടയ്ൻമെൻറ് സിറ്റിയും ഈ നിരയിലേക്ക് ചേക്കേറും. എൻറർടെയ്ൻമെൻറ് മേഖലയിൽ ലോകത്തിലെതന്നെ ഏറ്റവുംവലിയ ഗ്രൂപ്പുകളിലൊന്നായ സാൻേറഴ്സൺ എൻറർടെയ്ൻമെൻറ് സിറ്റിയുടെ ആർകിടെക്ചറൽ മാസ്റ്റർ പ്ലാനിങ് ആൻഡ് കൺസ്ട്രക്ഷൻ മാനേജ്മെൻറിന് നേതൃത്വം നൽകുന്നതിലൂടെ ആഗോളതലത്തിൽതെന്ന ശ്രദ്ധനേടിയ നിർമാതാക്കളുടെ നിരയിലേക്ക് ലാൻഡ്മാർകിൻെറ പേര് കൊത്തിവെക്കപ്പെടുമെന്ന് ഉറപ്പ്.



നിക്ഷേപരംഗത്ത് വൻ സാധ്യത കൂടി തുറക്കുന്ന ലാൻഡ്മാർക് എൻറർടെയ്ൻമെൻറ് സിറ്റിയിലൂടെ സുരക്ഷിത നിക്ഷേപത്തിനും സ്ഥിരവരുമാനത്തിനും




അനുയോജ്യമായ നിരവധി അവസരങ്ങൾകൂടിയാണ് ഒരുങ്ങുന്നത്. സാൻേറഴ്സണുമായുള്ള കൂട്ടുകെട്ട് സ്വദേശത്തെയും വിദേശത്തെയും നിക്ഷേപകരിൽ വൻ പ്രതീക്ഷയാണ് നൽകുന്നത്. എൻറർടെയ്ൻമെൻറ് സിറ്റി സ്ഥിതിചെയ്യുന്ന വയനാടൻ ചുരവും അതിൻെറ താഴ്വരകളും ഉൾപ്പെട്ട പ്രദേശവും കേരളത്തിൽ ടൂറിസം മേഖലയിൽ ഏറ്റവും വളർച്ച കൈവരിച്ച പ്രദേശങ്ങളിലൊന്നായതിനാൽ നിക്ഷേപ സാധ്യതകൾ വർധിക്കുകയാണ്. മാത്രമല്ല ഈ പദ്ധതിയിലൂടെ 3000ത്തിലധികം വരുന്ന ആളുകൾക്ക് തൊഴിലവസരങ്ങളും ലഭ്യമാകും. പദ്ധതി പൂർത്തിയാകുന്നതോടെ കേരളത്തിൻെറ ടൂറിസം മേഖലയിൽ വൻ കുതിച്ചുചാട്ടമാണ് ഉണ്ടാകാൻ പോകുന്നത്. ലാൻഡ്മാർക് ബിൽഡേഴ്സ് ആൻഡ് ഡെവലപ്പേഴ്സിൻെറ ടൂറിസം വിനോദ മേഖലയിലെ ആദ്യ കാൽവെയ്പ്പായ എൻറർടെയ്ൻമെൻറ് സിറ്റി പദ്ധതിയിലൂടെ സാൻേറഴ്സണും കേരളത്തിലെ ടൂറിസം മേഖലയിൽ പുതിയൊരു അധ്യായം എഴുതിച്ചേർക്കുകയാണ്.





## തൊഴിലവസരങ്ങൾ

സ്വദേശികളെയും വിദേശികളേയും എൻറർടെയ്ൻമെൻറ് സിറ്റിയിലേക്ക് ഒരുപോലെ ആകർഷിക്കുന്നതരത്തിൽ മൂവായിരത്തിലധികം തൊഴിലവസരങ്ങളാണ് എൻറർടെയ്ൻമെൻറ് സിറ്റിയിൽ സൃഷ്ടിക്കപ്പെടുന്നത്.



## ഒരുങ്ങുന്നു, അതിവേഗം...

എൻറർടെയ്ൻമെൻറ് സിറ്റി അതിവേഗം ഒരുങ്ങുകയാണ്. ഏപ്രിൽ മാസത്തോടെ എൻറർടെയ്ൻമെൻറ് സിറ്റി മാസ്റ്റർ പ്ലാൻ ലോഞ്ചിങ് നടക്കും. സിംഗപ്പൂർ ആസ്ഥാനമായ സാേൻറഴ്സൺ ഗ്രൂപ്പ് മാസ്റ്റർപ്ലാൻ ലാൻഡ്മാർകിന് കൈമാറും. അതിവേഗമാണ് ഇവിടെ ഓരോ കൺസ്ട്രക്ഷൻ ജോലികളും പൂർത്തീകരിച്ചു കൊണ്ടിരിക്കുന്നത്. റോഡ് വർക്കുകൾ നടന്നുകൊണ്ടിരിക്കുകയാണ്. ഒരു ബ്രിഡ്ജിൻെറ നിർമാണം പൂർത്തിയായിക്കഴിഞ്ഞു. ആഗോളതലത്തിൽതന്നെ പ്രശസ്തമായ നിരവധി ബ്രാൻറുകൾ എൻററർടയ്ൻമെൻറ് സിറ്റിയുടെ ഭാഗമായി കൊണ്ടിരിക്കുകയാണ്.

